എൻ. ജി. ഒ. കാർട്ടേഴ്സ്

* 158. [14] ശ്രീ. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിൽ എത്ര എൻ.ജി.ഒ. കാർട്ടേഴ്സുകൾ ഇപ്പോഴുണ്ട് ;

(ബി) കാർട്ടേഴ്സ് അനുവദിക്കുന്നതു് ഏതു് മാനദണ്ഡത്തിലാണു്;

(സി) ഹരിജൻവിഭാഗത്തിൽപ്പെട്ടവരുടെ അപേക്ഷകൾ വല്ലതും കിട്ടിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അനുവാദം കൊടുത്തിട്ടുണ്ടോ;

(ഈ) ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തു്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. പി. പി. ഉമ്മർകോയ):

(എ) 187 കുടുംബങ്ങൾക്കുള്ള കാർട്ടേഴ്സുണ്ടു്.

(ബി) അപേക്ഷിച്ച തീയതിയുടെ മുൻഗണനാക്രമത്തിലാണു കാർട്ടേഴ്സ് അനുവദിക്കുന്നതു്;

(സി) ഉണ്ടു്.

(ഡി, ഈ) ഗവണ്മെൻറിനു കിട്ടിയ ഒരപേക്ഷയിന്മേൽ അപേക്ഷകനു് അട്ടേഹത്തിൻെറ ടേൺ വരുമ്പോൾ ശമ്പളമനുസരിച്ചു അട്ടേഹത്തിനു അർഹതയുള്ള ടൈപ്പിൽ വീടു് ഒഴിവില്ലെങ്കിൽ അതിനു താഴെയുള്ള ടൈപ്പിലുള്ള വീടു് അട്ടേഹത്തിൻെറ അപേക്ഷയനുസരിച്ചു് അലോട്ടു് ചെയ്യാൻ നിർദ്ദേശംകൊടുത്തിട്ടുണ്ടു്.

താലൂക്കു് ഹെഡ്കാർട്ടേഴ്സ് ആശുപത്രികൾ

* 159. [15] ശ്രീ. എൻ. ഭാസ്കരൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താലൂക്കു് ഹെഡ് കാർട്ടേഴ്സു് ഹാസ്പിറൽസു് വിപുലീകരിക്കുന്നതിനു് ഏതെങ്കിലും പദ്ധതി ഗവണ്മെൻറിനുണ്ടോ ;

(ബി) ചങ്ങനാശ്ശേരി താലൂക്കു് ഹെഡ് കാർട്ടേഴ്സ് ഹാസ്പിറൽ വിപുലീകരിക്കുന്നതിനു് എന്തു നടപടി നടത്തുന്നുണ്ടു്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. എം. പി. ഗോവിന്ദൻ നായർ):

(എ) ഉണ്ടു്.

(ബി) ഓപ്പറേഷൻ തീയേറ്റർ കൂടിയുള്ള 24 ബെഡ്ഡോടുകൂടിയുള്ള ഒരു വാർഡു് പണിയുന്നതിനു് നടപടി എടുത്തുവരുന്നു.

ശ്രീ. ഹമീദലി ഷംനാടു് : കാസർഗോഡു് താലൂക്കു് ഹെഡ് കാർട്ടേഴ്സു് ആശുപത്രിയിൽ കുടിക്കാൻപോലും വെള്ളം ലഭിക്കുന്നില്ലെന്നുള്ള കാര്യം ഗവണ്മെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനു വല്ല നടപടിയും എടുക്കാൻ തയ്യാറാകുമോ ;

ശ്രീ. എം. പി. ഗോവിന്ദൻ നായർ : അവിടെ വെള്ളം കിട്ടാൻ കുറെ ബുദ്ധിമുട്ടുണ്ടെന്നുള്ള വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപെട്ടിട്ടുണ്ടു്. മൊത്തമായി കാസർഗോഡു് പ്രദേശത്തെ ജലദൗർലഭ്യം പരിഹരിക്കുന്നതിനാവശ്യമായ ഒരു പദ്ധതി ഗവണ്മെൻറിൻെറ പരിഗണനയിലിരിക്കുകയാണു്. വളരെ കാലതാമസം വരുത്താതെ അതാരംഭിക്കാൻ കഴിയുമെന്നു് ഗവണ്മെൻറു് പ്രതീക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly